പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2675 — 17/10/2016 ൽ മറുപടിയ്ക്ക്

# മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ബാബു | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായം ലഭിക്കുന്നതിനുള്ള അപേക്ഷകളിൻ മേൽ അടിയന്തര തീരുമാനമെടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) 03/09/2016 തീയതിയിലെ സ.ഉ (കൈയ്യെഴുത്ത്) നം.492/16/റ.വ പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാധനസഹായമായി ജില്ലാ കലക്ടർമാർക്ക് 10,000/- രൂപ വരെയും, റവന്യൂ വകുപ്പ് മന്ത്രിക്ക് 25,000/- രൂപ വരെയും, മുഖ്യമന്ത്രിക്ക് 3,00,000/- രൂപ വരെയും അനുവദിക്കാവുന്നതാണ്. ജില്ലാ കളക്ടർമാർ അനുവദിക്കുന്ന തുക 14 ദിവസത്തിനകവും സർക്കാർ ഗുണഭോക്താവിൻെറ പേര് എടുത്ത് പറഞ്ഞു കൊണ്ട് അനുവദിക്കുന്ന തുക ഒരു മാസത്തിനകവും വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ആനുകൂല്യം പാവപ്പെട്ട രോഗികൾക്ക് എത്രയും വേഗം ലഭ്യമാക്കുന്നതിനായി നടപടി ക്രമങ്ങൾ ലഘൂകരിക്കുവാനും, ഓൺ ലൈൻ സംവിധാനം ഉൾ പ്പെടെയുള്ള ആധുനിക സൗകര്യങ്ങൾ നടപ്പിൽവരുത്തുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ചികിത്സാ സഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ ആരെല്ലാം മുഖേനയാണ് സമർപ്പിക്കേണ്ടതെന്നും, എത്ര തുകവരെ അനുവദിക്കുമെന്നും | (ബി) നിശ്ചിത മാതൃകയിലുള്ള അപേക്ഷ വെള്ളക്കടലാസിൽ തയ്യാറാക്കി ആറുമാസത്തിൽ കവിയാത്ത മെഡിക്കൽ സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്ത് സ്ഥലം വില്ലേജ് |

വിശദമാക്കുമോ;

ഓഫീസ്/താലൂക്ക് ഓഫീസ്/ കളക്ട്രേറ്റ് എന്നിവിടങ്ങളിൽ സമർപ്പിക്കാവുന്നതാണ്. അപേക്ഷ വില്ലേജ് ഓഫീസിൽ സമർപ്പിക്കുന്നതാണ് ഉചിതം.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാധന സഹായമായി ജില്ലാ കലക്ടർമാർ 10,000/- രൂപ വരെയും, റവന്യൂ വകുപ്പ് മന്ത്രി 25,000/- രൂപ വരെയും, മുഖ്യമന്ത്രി 3,00,000/- രൂപ വരെയും അനുവദിക്കുന്നു. മന്ത്രിസഭായോഗ തീരുമാനത്തിന് വിധേയമായി മൂന്നു ലക്ഷം രൂപയിൽ കൂടുതൽ തുകയും അനുവദിക്കാറുണ്ട്.

(സി) മാരകരോഗങ്ങൾ പിടിപെട്ട് ചികിത്സയിൽ കഴിയുന്നവർക്ക് ഈ സർക്കാർ ചികിത്സാ സഹായമായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

(സി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം 01.10.2016 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 14 ജില്ലകളിലായി **20815** പേർക്ക് **33,04,87,646/-** രൂപ (മുപ്പത്തിമൂന്ന് കോടി നാല് ലക്ഷത്തി എൺപത്തേഴായിരത്തി അറുന്നൂറ്റി നാൽപ്പത്താറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**